## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6467 | 01.11.2011 - ൽ മറുപടിക്ക് |
|---|---|

### പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങൾ

ചോദ്യം
ശ്രീ. സാജുപോൾ:

(എ) സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രവും ആയുർവ്വേദ, ഹോമിയോ ആശുപത്രികളും ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

മറുപടി
ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രം ഇല്ലാത്ത പഞ്ചായത്തുകൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം : കഴക്കൂട്ടം, മാണിക്കൽ.
കൊല്ലം : വേരിനാട്, ചിറക്കര, നെടുമ്പന, കുമ്മിൾ, കൊട്ടാരക്കര.
ആലപ്പുഴ : പുന്നപ്ര നോർത്ത്, അമ്പലപ്പുഴ നോർത്ത്, വള്ളിപ്പാട്.
കോട്ടയം : കുമാരനല്ലൂർ, പുതുപ്പള്ളി, മണ്ണാർക്കാട്, കോരുത്തോട് അർപ്പൂക്കര.
എറണാകുളം : ഒക്കൽ.
പാലക്കാട് : തേങ്കര.
മലപ്പുറം : കാലടി, തേഞ്ഞിപ്പാലം, കണ്ണമംഗലം, ഏരിയാകോട്.
കോഴിക്കോട് : വേരുവയൽ, കട്ടിപ്പാറ.
വയനാട് : മൂപ്പിനാട്.

സംസ്ഥാനത്ത് 68 പഞ്ചായത്തുകളിൽ ആയുർവ്വേദ സ്ഥാപനം നിലവിൽ ഇല്ല. വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.

ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു.

| | | | |
|---|---|---|---|
| (ബി) | മുഴുവൻ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഭൗതിക സാഹചര്യങ്ങൾ, ഫണ്ടിന്റെ ലഭ്യത ഇവ വിശദമായി പരിശോധിച്ച ശേഷം മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |
| (സി) | പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ഒക്കൽ ഗ്രാമപഞ്ചായത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രവും വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ആശുപത്രിയും അനുവദിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ? | (സി) | പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ഒക്കൽ ഗ്രാമപഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രവും വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ആശുപത്രിയും അനുവദിക്കുവാനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ